പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം.

*786. [74] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈമറി സ്കൂളുകളിൽ നാലും, മൂന്നും ക്ലാസ്സുകളുടെ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

പ്രൈമറി സ്കൂളുകളിൽ നാലാം ക്ലാസ്സിൽ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുവാൻ ആലോചനയുണ്ട്. എന്നാൽ മൂന്നാം ക്ലാസ്സിലെ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

STARRED QUESTIONS POSTED FOR ANSWER ON 7-10-1955.

വനത്തിലെ പാരസൈറിക്കൽ പ്ലാൻറ്സ്

*787. [36] ശ്രീ. പി. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിൽ പാരസൈറിക്കൽ പ്ലാൻറ്സ് മൂലം വനവിഭവങ്ങളുടെ സമൃദ്ധമായ വളർച്ചയ്ക്ക് ഉണ്ടാകുന്ന നാശങ്ങൾക്കുള്ള നിവാരണത്തിനായി ഗവണ്മെൻറ് എന്തെങ്കിലും പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു വിജയപ്രദമായി നടക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി. (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് അഴിമതികൾ

*788. [38] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പോലീസ്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ജനുവരിക്കുശേഷം പോലീസ് അഴിമതികളെപ്പറ്റി എത്ര പരാതികൾ ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ട്;

(ബി) ഇതിനെസംബന്ധിച്ചു അന്വേഷിച്ചു കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര പേരെ;

(ഡി) ഏതെല്ലാം റാങ്കിൽപ്പെട്ടവർ?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 188.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഒരു ഭാഗം അന്വേഷണം പൂർത്തിയായവയും ബാക്കി അന്വേഷണത്തിലിരിക്കുന്നവയുമാണ്.

(സി&ഡി) ബി–യുടെ ഉത്തരംകൊണ്ട് ഇവ ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾ.

* 789. [44] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികാഭിവൃദ്ധിയെ ലാക്കാക്കി എന്തെല്ലാമാണ് ഗവണ്മെൻറിൽനിന്നും ചെയ്യുവരുന്നത് ;

(ബി) മത്സ്യത്തൊഴിലാളികളുടേതായ സഹകരണസംഘങ്ങൾക്ക് പ്രത്യേകമായി എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ ;

(സി) മത്സ്യത്തൊഴിലാളികളുടേതായ സഹകരണസംഘങ്ങൾ എത്രയെണ്ണം സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്നു ; എന്തെല്ലാം പ്രവർത്തനങ്ങളാണ് അവ നടത്തുന്നത് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മീൻ ഉണക്കുന്നതിനു് ഉപ്പ്, വഞ്ചി, കട്ടമരങ്ങൾ ഇവയുണ്ടാക്കുന്നതിന് ഉള്ള തടി എന്നിവ സൗജന്യനിരക്കിൽ കൊടുത്തുവരുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക്, അവരുടെ സഹകരണസംഘങ്ങൾക്ക് സെക്യൂരിറ്റി കൂടാതെ വായ്പ കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെൻറ് ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി സംഘടനകൾക്ക് ചില മത്സ്യക്കൃഷിപ്പുകൾ ലേലം കൂടാതെ സൗജന്യനിരക്കിൽ കൊടുത്തുവരുന്നുണ്ട്. കൂടാതെ മേൽ പറഞ്ഞ ലോൺ പദ്ധതി മത്സ്യത്തൊഴിലാളി സംഘടനകൾക്കു മാത്രമായി ഉദ്ദേശിച്ചിട്ടുള്ളതാണ്.

(സി) ഈ സംസ്ഥാനത്ത് 44 മത്സ്യത്തൊഴിലാളി സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. ഈ സംഘങ്ങൾ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവയാണ്.

ചതുപ്പുകളുടെ വിസ്തീർണ്ണം.

* 790. [46] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. എം. എഫ്. സ്കീം അനുസരിച്ച് കൃഷിക്ക് കൊടുത്തിട്ടുള്ള ചതുപ്പുകളുടെ വിസ്തീർണ്ണം എത്രയാണ് ;

(ബി) അതിന്റെ കാലാവധി എത്രയായിരുന്നു ;

(സി) ഈ സ്ഥലങ്ങൾ കഴിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly